സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 10-14

പാലൈ
PALAI பாலை
ISSN No: 3049-0316

# ഭാഷാപഠനവും സാമൂഹികസിദ്ധാന്തങ്ങളും



**ഡോ. ശ്രീവൃന്ദ നായർ എൻ.***

**സംഗ്രഹം**

അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും വ്യവഹാര രൂപങ്ങളും ഒക്കെ ഉൾച്ചേർന്ന ഭാഷ ഒരു സങ്കീർണമായ വ്യവസ്ഥയാണ്. സ്കൂൾ പഠനത്തിലൂടെ കുട്ടി നേടേണ്ട ഭാഷാശേഷികൾ നിരവധിയാണ്. അവിടെ ഉണ്ടാകുന്ന കുറവുകൾ അവരുടെ എല്ലാവിധ പ്രകടനങ്ങളെയും (performance) പ്രതികൂലമായി ബാധിക്കുമെന്ന് നിരവധി പഠനങ്ങൾ തെളിയിക്കുന്നു. വാക്യങ്ങളും പദങ്ങളും അക്ഷരങ്ങളും എല്ലാം നിറഞ്ഞിരിക്കുന്ന ഭാഷാവ്യവഹാരങ്ങളുടെ കൃത്യമായ പരിശീലനം കുട്ടികളെ ഭാഷാപ്രയോഗ ക്ഷമതയുള്ളവരാക്കി മാറ്റുമെന്നത് നിസ്തർക്കമായ വസ്തുതയാണ്.

**താക്കോൽ വാക്കുകൾ:** പെരുമാറ്റസിദ്ധാന്തം - ബൗദ്ധികസിദ്ധാന്തം - സാമൂഹികജ്ഞാന നിർമ്മിതി വാദം - കണ്ടെത്തൽ പഠനം - സാമൂഹികബൗദ്ധികപഠനസിദ്ധാന്തം.

ഭാഷ ജീവത്തായി മനുഷ്യസമൂഹത്തിൽ നിലനിൽക്കുന്നത് തന്നെ നിത്യജീവിതത്തിന് ഉപകാരപ്രദമായ വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ആയിട്ടാണ്. കഥകളും കുറിപ്പുകളും പ്രസംഗങ്ങളും നിവേദനങ്ങളും ഒക്കെ അവയിൽ ചിലത് മാത്രം. ഇത്തരം വ്യവഹാരരൂപങ്ങളെ സാന്ദർഭികമായി ക്ലാസ് മുറികളിൽ അവതരിപ്പിക്കുകയും അവതരിപ്പിക്കുകയും അവയെ നിത്യജീവിതവുമായി ബന്ധിപ്പിക്കുകയും ചെയ്യുമ്പോൾ സൃഷ്ടിക്കപ്പെടുന്ന സാമൂഹിക അന്തരീക്ഷം (social climate) പഠനപ്രക്രിയയെ വലുതായി സ്വാധീനിക്കുന്നതോടൊപ്പം അഭിലഷണീയമായ ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുന്നു.സന്ദർഭത്തിനനുസരിച്ചുള്ള അർത്ഥവും പ്രയോഗരീതികളും ഓരോ വ്യവഹാരരൂപങ്ങളിലും നിബന്ധിതമാണ്. ഇവ കൃത്യമായി കുട്ടിയിലേക്ക് എത്തണമെങ്കിൽ മുതിർന്നവരുടെ നിരന്തരമായ പ്രോത്സാഹനവും കൈത്താങ്ങും ആവശ്യമാണ്. ക്ലാസ് മുറികളിൽ ഈ ഉത്തരവാദിത്വം അധ്യാപകരിൽ നിക്ഷിപ്തമാണ്. സമൂഹത്തിന് സ്വീകാര്യമായ മനോഭാവങ്ങളുടെയും മൂല്യങ്ങളുടെയും നിർമ്മിതിക്കായി വ്യത്യസ്തവ്യവഹാരരൂപങ്ങളും അവയിലൂടെ നേടേണ്ട ആശയവിനിമയരീതികളും ഏറെ പ്രാധാന്യത്തോടെ നാം സ്വീകരിച്ച മതിയാകൂ. സാമൂഹികമായി അറിവ് നിർമ്മിപ്പിക്കപ്പെടുന്ന പ്രക്രിയ വിദ്യാഭ്യാസത്തിന്റെ

* അസ്സോസിയേറ്റ് പ്രൊഫസർ, എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ്, പന്തളം.

ISSN No: 3049-0316

മനഃശാസ്ത്രപരമായ തലത്തിലേക്കാണ് വിരൽച്ചൂണ്ടുന്നത്. കുട്ടികളുടെ സജീവപങ്കാളിത്തവും അധ്യാപകന്റെ കാര്യക്ഷമമായ ഇടപെടലുകളും ജീവിതഗന്ധിയായ പഠനസാഹചര്യങ്ങളും പാഠ്യവസ്തുവും പഠനത്തെ പൂർണ്ണതയിലേക്കാണ കൊണ്ടു ചെന്നെത്തിക്കുന്നത്. വ്യത്യസ്ത ഭാഷാപഠനസിദ്ധാന്തങ്ങളുടെ പ്രാധാന്യം ഇവിടെയാണ്. ഓരോ സിദ്ധാന്തങ്ങളിലും ഉൾച്ചേർന്നിരിക്കുന്ന അടിസ്ഥാനതത്വങ്ങൾ കൃത്യമായ വിശകലനത്തിനു വിധേയമാക്കി അവയെ പ്രായോഗികമാക്കുവാനാണ് നാം ശ്രദ്ധിക്കേണ്ടത്.

## ഭാഷാപഠനസിദ്ധാന്തങ്ങൾ (Language learning theories)

ഭാഷാസ്വീകരണവും സമൃദ്ധമായ ഭാഷാപ്രയോഗവും ആർജിക്കേണ്ട വഴികളെ പറ്റിയാണ് ഓരോ ഭാഷാപഠനസിദ്ധാന്തവും വിവരിക്കുന്നത്.

ഭാഷാപഠനസിദ്ധാന്തങ്ങളെ പ്രധാനമായും മൂന്നു വിഭാഗങ്ങളിലായി തിരിക്കാം.

1. പെരുമാറ്റവാദ സിദ്ധാന്തം (Behaviourist Theory)
2. ബൗദ്ധിക സിദ്ധാന്തം (Cognitive Theory)
3. സാമൂഹിക ഇടപെടൽ സിദ്ധാന്തം (Social Interactionist Theory)

ഓരോ വ്യക്തികളും ഭാഷാസമാർജനം നടത്തുന്നതിനെപ്പറ്റി വ്യത്യസ്ത വീക്ഷണങ്ങളാണ് മേൽപ്പറഞ്ഞ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നത്.

## 1 പെരുമാറ്റവാദ സിദ്ധാന്തം (Behaviourist Theory)

നിരീക്ഷണവിധേയമായ പെരുമാറ്റങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതാണ് ആദ്യ സിദ്ധാന്തം. പെരുമാറ്റവാദത്തിന്റെ പ്രയോക്താവ് ബി എഫ് സ്കിന്നറാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചോദക ങ്ങൾക്കും (Stimulus) ഇവിടെ പ്രാധാന്യമുണ്ട്. പ്രബലനം (Reinforcement), അനുകരണം (Imitation) ശീല രൂപവത്കരണം (Habit Formation) എന്നിവയാണ് ഈ സിദ്ധാന്തം മുന്നോട്ടുവെക്കുന്ന പ്രധാന ആശയങ്ങൾ. ഓരോ വ്യക്തികളും ഭാഷ പഠിക്കുന്നത് അനുകരണത്തിലൂടെയാണ്. ഗുണാത്മകമായ പ്രതിപുഷ്ടിയും (Positive Feedback) പ്രതിഫലങ്ങളും (Output) പ്രബലനങ്ങൾ ആയി വർത്തിക്കുകയും ചെയ്യുന്നു.

## 2. ബൗദ്ധിക സിദ്ധാന്തം (Cognitive Theory )

ഭാഷാപഠനത്തിൽ അന്തർഭവിച്ചിരിക്കുന്ന ആന്തരികമായ പ്രക്രിയകളെയാണ് ഇവിടെ അഭിസംബോധന ചെയ്യുന്നത്. ചിന്ത (Thinking) ഓർമ്മ (Memory) പ്രശ്നപരിഹാരനൈപുണി (Problem Solving Skill) എന്നിവ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ സിദ്ധാന്തപ്രകാരം ഭാഷാപഠനം എന്നത് സങ്കീർണമായ ഒരു ബൗദ്ധിക പ്രക്രിയയാണ്. വിവരങ്ങളെ സംസ്കരിക്കുക, തന്ത്രങ്ങൾ വികസിപ്പിക്കുക മുതലായവയിലൂടെ പഠിതാക്കളുടെ മുന്നറിവുകൾ ഉപയോഗിച്ചുകൊണ്ടു നടക്കുന്ന ഒരു പ്രക്രിയ എന്നിതിനെ വിശേഷിപ്പിക്കാം. ബൗദ്ധികസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ പിയാഷയുടെ അഭിപ്രായപ്രകാരം ഭാഷാസ്വീകരണം എന്നത് ഒരു വ്യക്തിയുടെ സമഗ്രമായബൗദ്ധികവികസനത്തെ സ്വാധീനിക്കുന്ന ഒന്നാണ്. പിയാഷെ വൈഗോഡ്സ്കി എന്നിവരാണ് ബൗദ്ധിക സിദ്ധാന്തത്തിന്റെ വക്താക്കൾ.

## 3. സാമൂഹികഇടപെടൽ സിദ്ധാന്തം (Social Interactionist Theory)

ഇവിടെ പ്രധാനമായും സാമൂഹിക ഇടപെടലുകളെക്കുറിച്ചാണ് പറയുക. സാമൂഹിക ഇടപെടലുകൾക്ക് പ്രാധാന്യം നൽകുന്ന പഠനസിദ്ധാന്തത്തിന്റെ വക്താവ് വൈഗോട്സ്കി ആണ്. ഭാഷാപഠനത്തിൽ സാമൂഹിക സാഹചര്യങ്ങൾക്കുള്ള പ്രാധാന്യമാണ് വിവക്ഷ. ഭാഷാസ്വീകരണം എന്നത് ഒരു സാമൂഹിക പ്രക്രിയയായി മാറുകയും വ്യക്തികൾ തമ്മിലുള്ള ഇടപെടലുകളിലൂടെ മാത്രം സ്വായത്തമാകുന്ന ഒരു പ്രക്രിയയായി തീരുകയും ചെയ്യുന്നു. വൈഗോസ്കിയുടെ സാമൂഹിക സാംസ്കാരിക സിദ്ധാന്തം പ്രാധാന്യം നൽകുന്നത് ഭാഷാവികസനത്തിൽ ഇത്തരത്തിലുള്ള സാമൂഹിക ഇടപെടലുകൾക്കാണ്.

 ISSN No: 3049-0316 

മനുഷ്യന്റെയും സാമൂഹികജീവിതത്തിന്റെയും സ്വഭാവത്തെ കുറിച്ചുള്ള വിശദീകരണങ്ങളും അനുമാനങ്ങളുമാണ് ഈ സിദ്ധാന്തം അടിവര ഇടുന്നത്. വിശാലമായ വ്യാഖ്യാന രീതികളും ഗവേഷണസമീപനങ്ങളും ഇതിൽ ഉൾപ്പെടുന്നു. സാമൂഹികപഠനവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളെ താഴെ ക്രോഡീകരിക്കുന്നു.

## 1. സാമൂഹികജ്ഞാനനിർമ്മിതിവാദം

ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും സാമൂഹിക സാംസ്കാരിക പശ്ചാത്തലം വികസിതമാകണമെന്ന് വൈഗോഡ്സ്കി വാദിച്ചു. അറിവിന്റെ അടിത്തറ സാമൂഹിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. സമൂഹത്തിൽ നിലവിലുള്ള പ്രശ്നങ്ങളെ ക്ലാസ് മുറിയിൽ അപഗ്രഥന വിധേയമാക്കി അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാനുള്ള അവസരങ്ങൾ കൂട്ടായ ചർച്ചയിലൂടെ വളർത്തിയെടുത്താവണം കുട്ടിയുടെ അറിവ് നിർമ്മാണം ഫലപ്രാപ്തിയിൽ എത്തിക്കേണ്ടത് എന്നതാണ് സാമൂഹിക ജ്ഞാനനിർമ്മിതിവാദത്തിനടിസ്ഥാനം. നിരന്തരമായ ഇടപെടലുകളും കൈത്താങ്ങുകളും (Scaffolding) നൽകി പഠനത്തെ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യമാണ് ഇതിന്റെ ഉൽപ്പന്നം. ഓരോ കുട്ടിയുടെയും സാമൂഹിക ബന്ധങ്ങൾക്കുള്ള പ്രാധാന്യവും അവയെ പരിപോഷിപ്പിക്കുന്ന പഠനാന്തരീക്ഷവും ആണ് പ്രസക്തം. ക്ലാസ് മുറിയിലെ സമൂഹത്തെ പഠിതാവിന്റെ സമൂഹമായി (community of learners) കാണുന്ന കാഴ്ചപ്പാടാണ് ഈ പഠനസിദ്ധാന്തത്തിന്റെ കാതൽ. സഹവർത്തിത്വപഠനത്തിലൂടെ മാത്രമേ അറിവിന്റെ രൂപാന്തരീകരണം (transformation) നടക്കുകയുള്ളൂ. പഠനത്തിൽ സ്വയം ഭരണാധികാരം (autonomy) നേടിയെടുക്കുക എന്നതും പ്രധാനമാണ്. പഠിതാവിന്റെ കഴിവിനെ ക്രമാ വികസിപ്പിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി അധ്യാപകൻ നൽകുന്ന വ്യക്തിഗത പിന്തുണയാണ് കൈത്താങ്ങ് നൽകൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടിക്ക് സ്വയം എത്രമാത്രം കാര്യങ്ങൾ തന്റെ കഴിവിനനുസരിച്ച് ചെയ്യാൻ കഴിയുമെന്നും അറിവുകൊണ്ടും അനുഭവം കൊണ്ടും മുതിർന്ന ഒരാളുടെ നിർദ്ദേശങ്ങൾക്കനുസരണമായി എങ്ങനെ പ്രവർത്തിക്കാൻ കഴിയുമെന്നും വിശകലനം ചെയ്യുന്നിടത്താണ് സമീപസ്ഥ വികസന മണ്ഡലത്തിന്റെ (ZPD zone of proximal development) പ്രസക്തി. പഠനത്തിൽ സമപ്രായ സംഘ സേവനം (peer group) ഉപയോഗപ്പെടുത്തുന്നത് സാമൂഹികമായ അടിത്തറയെ ബലപ്പെടുത്താൻ സഹായിക്കും. ഭാഷാവികസനത്തെ സംബന്ധിച്ച് വൈഗോഡ്സ്കി തന്റേതായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചു. സാമൂഹിക ആശയവിനിമയത്തിനു വേണ്ടി മാത്രമല്ല കുട്ടികൾ ഭാഷ ഉപയോഗിക്കുന്നത്. മറിച്ച്, ആസൂത്രണം ചെയ്യാനും നയിക്കാനും സ്വഭാവങ്ങളെ നിരീക്ഷണ വിധേയമാക്കുവാനും ആന്തരിക സംഭാഷണങ്ങൾ (private speech) ഉപയോഗിക്കുന്നു. ഇവ ചിന്താപ്രക്രിയയിൽ പ്രാധാന്യമുള്ള ഉപകരണങ്ങളാണ്. ആന്തരിക സംഭാഷണങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾ സാമൂഹികനൈപുണികളിൽ മുൻപന്തിയിൽ നിൽക്കുന്നവരെന്നും സാമൂഹിക ആശയവിനിമയ പ്രക്രിയയിൽ ഇതിന് ഏറെ പ്രാധാന്യമുണ്ടെന്നും ഗവേഷണ ഫലങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം തെളിയിച്ചു.

## 2. കണ്ടെത്തൽപഠനം (Discovery Learning)

പഠനത്തിൽ സജീവമായ പങ്കാളിത്തത്തിന്റെ പ്രാധാന്യമാണ് ഈ സിദ്ധാന്തത്തിന്റെ അടിത്തറ. കുട്ടികളുടെ സജീവമായ സാന്നിധ്യം സാമൂഹിക പ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു പ്രശ്നം പരിഹരിക്കുന്നത് എങ്ങനെ എന്ന് വിശദീകരിക്കുകയല്ല അധ്യാപകൻ ഇവിടെ ചെയ്യുന്നത്. മറിച്ച് നിരീക്ഷണങ്ങളിലൂടെയും പരികല്പനകൾ (hypothesis) രൂപീകരിക്കുന്നതിലൂടെയും കുട്ടികൾക്ക് പ്രതികരിക്കാൻ ഉതകുന്ന പഠന സാഹചര്യം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. പഠനത്തിന്റെ സാമൂഹിക സാധ്യതയും സാമൂഹിക പരിസരത്തിന്റെ പ്രാധാന്യവുമാണ് ഇവിടെ വിവക്ഷ. ഭാഷ പഠനത്തിന്റെ കാര്യത്തിലും ഇത് ഏറെ പ്രായോഗികമാണ്. സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ചും സ്വന്തം കഴിവുകൾക്കനുസരിച്ചും പഠനത്തിൽ മുന്നോട്ടുപോകുവാൻ ഇത്തരത്തിലുള്ള പഠനം കുട്ടികളെ സഹായിക്കുന്നു. പാഠ്യവസ്തുവിനെപ്പറ്റി കുട്ടികൾ നടത്തുന്ന ചർച്ചയും അധ്യാപകന്റെ കൃത്യമായ ഇടപെടലുകളും സാമൂഹിക രീതിയിലുള്ള പഠനത്തെ പ്രോത്സാഹിപ്പിക്കുന്നവയാണ്. പഠനപ്രക്രിയയെ നയിക്കാൻ കഴിയുന്ന ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് അധ്യാപകർക്ക് കുട്ടികളുടെ കണ്ടെത്തൽ പഠനത്തെ പ്രോത്സാഹിപ്പിക്കാം. പാഠ്യവസ്തുവിന്റെ അടിസ്ഥാന ഘടനയ്ക്ക് പ്രാധാന്യം നൽകുന്നു എന്നതും

ISSN No: 3049-0316


ആശയങ്ങൾക്ക് രൂപീകൃത വ്യവസ്ഥ നിർമ്മിക്കാൻ കുട്ടികളെ സഹായിക്കുന്നു എന്നതും എടുത്തു പറയേണ്ട പ്രത്യേകതകളാണ്.

### 3. സാമൂഹികബൗദ്ധികപഠനസിദ്ധാന്തം (Social cognitive theory)

Psychological modelling, Social learning and Personality Development എന്നീ പുസ്തകങ്ങളുടെ കർത്താവായ ആൽബർട്ട് ബന്ധുര ഒരു കനേഡിയൻ മനഃശാസ്ത്രജ്ഞൻ ആയിരുന്നു. അക്കാദമികവും സാമൂഹ്യവുമായ നൈപുണികൾ നേടിയെടുക്കുവാൻ നിരീക്ഷണ തന്ത്രത്തിലൂടെ സാധിക്കുമെന്ന് (observational Learning) ഇദ്ദേഹം വാദിച്ചു. അനുകരണം എന്ന പ്രക്രിയയുമായി ബന്ധപ്പെട്ട് ഭാഷാപഠനത്തിന്റെ ഘട്ടങ്ങളെ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ സ്വഭാവത്തെ രൂപപ്പെടുത്തി എടുക്കുന്നതിൽ മാതൃകാ നിർമ്മാണം എന്ന പ്രക്രിയയ്ക്ക് (modelling) വലിയ സ്ഥാനമാണ് ഉള്ളത്. പഠനവുമായി ബന്ധപ്പെട്ട് സ്വയാദരവ് (self esteem) എന്ന പദത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. ഒരു വ്യക്തിക്ക് തനിക്ക് എത്തിച്ചേരാൻ കഴിയുന്ന ലക്ഷ്യങ്ങളെ പറ്റിയും നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തനങ്ങളെപ്പറ്റിയുമുള്ള ആത്മവിശ്വാസമാണിത്. (It is a belief that one is capable of executing certain behaviours or reaching certain goals) മുന്നനുഭവങ്ങൾ (previous knowledge), പ്രേരണ (persuasion) മറ്റുള്ളവരുടെ അനുഭവങ്ങൾ (success and failures of others) എന്നിവ ഇതിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഏതുതരം പഠനത്തിലും കുട്ടികളിലെ അഭിപ്രേരണ (motivation) വളർത്തുവാൻ സാമൂഹിക പ്രവർത്തനഹേതുക്കൾക്ക് (social moti ves) കഴിയും. സാമൂഹിക ലോകവുമായുള്ള ഇടപഴകലിലൂടെയും അനുഭവ സ്വീകരണത്തിലൂടെയും ആർജിക്കുന്ന മനോഭാവങ്ങളാണ് പ്രസക്തം.

മേൽ സൂചിപ്പിച്ച സിദ്ധാന്തങ്ങൾ എല്ലാം തന്നെ ഭാഷാപഠനത്തിന്റെ സാമൂഹിക വശങ്ങളെ കുറിച്ചാണ് ഏറെ ചർച്ച ചെയ്യുന്നത്. സംവാദാത്മകവും അന്വേഷണാത്മകവുമായ പ്രവർത്തനങ്ങളിലൂടെ ആണ് പഠനം സാധ്യമാകുന്നതെന്നും അത്തരത്തിലുള്ള പങ്കുവയ്ക്കലുകളും വിശകലനങ്ങളുമാണ് പുതിയ ആശയ ലോകത്തേക്ക് ഓരോ കുട്ടിയെയും കൈപിടിച്ച് നടത്തുന്നതെന്നും ഈ സിദ്ധാന്തങ്ങൾ വാദിച്ചു. സാഹിത്യവും ചരിത്രവും സർഗാത്മകതയും വ്യത്യസ്തഭാഷാവ്യവഹാര രൂപങ്ങളും കോർത്തിണക്കിക്കൊണ്ടുള്ള ഭാഷാപഠനരീതിയാണ് ഏറെ അഭികാമ്യം. ഫലപ്രദമായ ആശയവിനിമയം, സാഹിത്യ ആസ്വാദനം, വ്യത്യസ്ത വൈജ്ഞാനികമേഖലകളെ പരിചയപ്പെടാനുള്ള അവസരം, വ്യത്യസ്ത സന്ദർഭങ്ങളിൽ ഭാഷ പ്രയോഗിക്കാനുള്ള ചാതുര്യം എന്നിവയാണ് ഇത്തരം രീതികളുടെ ഫലങ്ങൾ. അവതരണാത്മകവും അന്വേഷണാത്മകവുമായ പ്രവർത്തനങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു.

മലയാളഭാഷാധ്യാപനത്തിന്റെ നവീനമായ സമീപനങ്ങളെക്കുറിച്ച് SCERT പാഠ്യപദ്ധതി വ്യക്തമാക്കുന്നത് ശ്രദ്ധിക്കാം. വിദ്യാർത്ഥികേന്ദ്രീകൃതമായ പാഠ്യപദ്ധതിയാണ് കുട്ടികളുടെ ശേഷികൾ വികസിക്കാൻ കാരണമാകുന്നത്. അതിനനുസരിച്ച പഠനസാഹചര്യം ക്ലാസ് മുറികളിൽ സൃഷ്ടിക്കേണ്ടതുണ്ട്. കുട്ടികൾ സ്വന്തം നിലയിൽ പഠിക്കാനും സ്വയം നിയന്ത്രണ രീതിയും സ്വയം നിരീക്ഷണവും അടിസ്ഥാനമാക്കി കർത്തവ്യങ്ങൾ ഏറ്റെടുക്കാനും ശീലിക്കണം. സ്വയം മൂല്യനിർണയം ചെയ്യാനുള്ള ശേഷിയും എടുത്തു പറയേണ്ടതാണ്. ഓരോ ചോദ്യത്തിനും എന്തുകൊണ്ട് ഇത്ര മാർക്ക് കിട്ടിയെന്നും മാർക്ക് നഷ്ടപ്പെടാൻ കാരണം എന്തായിരുന്നു എന്നും തിരിച്ചറിയുന്ന കുട്ടി പഠനത്തിന്റെ ഉയർന്ന തലത്തിലേക്കാണ് ചരിക്കുന്നത്.

വിമർശനാത്മകമായി വസ്തുതകളെ വിലയിരുത്താനും ക്രിയാത്മകമായി പ്രതികരിക്കുവാനും കുട്ടിക്ക് കഴിയുന്നു. ഇത്തരത്തിലുള്ള പഠനരീതികൾ ഓരോ കുട്ടിയുടെയും വ്യക്തിത്വരൂപ നിർമാണത്തിൽ വലിയ സാധ്യതകൾ തുറന്നിടുന്നു. ഓരോ വ്യക്തിയുടെയും ദൈനംദിനജീവിതത്തിൽ ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾ കൃത്യമായി തിരിച്ചറിയുന്ന കുട്ടി ഭാഷാപഠനത്തിന്റെ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാനും ശീലിക്കുന്നു.

ഭാഷാസ്വാധീനം കൂടുതലുള്ളവരിൽ മറവിരോഗം വരാൻ സാധ്യത കുറവാണെന്ന് പഠനങ്ങൾ. കഴിയുന്നത്ര മറ്റുള്ളവരുമായി സംസാരിക്കുന്നത് തലച്ചോറിന് പല രീതിയിൽ ഗുണകരമാണ്. തലച്ചോറിലെ കോശങ്ങൾ ജീർണ്ണിക്കുന്നതു ഒരു പരിധിവരെ ഇത് തടയുന്നു. ആരോഗ്യകരമായ

സംവാദങ്ങളും അഭിപ്രായവ്യത്യാസങ്ങളും തലച്ചോറിന് ഗുണകരമാണ്. വൈകാരികാവസ്ഥകൾ ഒതുക്കി വയ്ക്കുന്നത് തലച്ചോറിന്റെ ആരോഗ്യത്തിന് നല്ലതല്ല. വായനയിലൂടെ അറിവ് സമ്പാദിക്കുകയും അത് സംസാരത്തിലൂടെ മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുന്നത് മറവി പ്രതിരോധിക്കാൻ സഹായിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. അറിവുകൾ സ്വായത്തമാക്കുക വഴി തലച്ചോറിന്റെ വിജ്ഞാന വിശകലന ശേഷി ചടുലമാകുന്നു. മറ്റുള്ളവരോട് സംസാരിക്കുമ്പോൾ ഈ അറിവുകൾ ഓർമ്മകളായി തലച്ചോറിൽ സ്ഥാപിക്കപ്പെടുന്നു. തലച്ചോറിന്റെ വിവിധ മേഖലകൾ സജീവമായി നിലനിൽക്കാൻ ഈ പ്രക്രിയ സഹായിക്കും. മറ്റുള്ളവരോട് സംസാരിക്കാതെ ഒറ്റപ്പെട്ടുകഴിയുന്ന വ്യക്തികളിൽ മറവിരോഗം ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. നിരന്തരം ഇടപഴകാൻ അവസരം ലഭിക്കുന്ന വ്യക്തികളിൽ ഏകാന്തതയും അതിന്റെ ഫലമായി ഉണ്ടാകുന്ന വിഷാദവും കുറവായിരിക്കും. രോഗത്തിനുള്ള സാധ്യതയും കുറവാണ്.

കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 ന്റെ ആമുഖം ഇങ്ങനെയാണ് - ഏതൊരു വിദ്യാഭ്യാസ പദ്ധതിയും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വ്യക്തമായ നിലപാടുകൾക്ക് അനുസൃതമായാണ് രൂപകല്പന ചെയ്യുന്നത്. അത്തരം നിലപാടുകൾ നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന വിശാല കാഴ്ചപ്പാടുകൾക്ക് അനുസൃതമാവണം. അത് നമ്മുടെ ഭരണഘടനയ്ക്ക് വിധേയമായിരിക്കണം. ആധുനികവും പുരോഗമനപരവുമായ വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് ഒത്തുപോകുന്നതുമാവണം. ജനാധിപത്യം, മതനിരപേക്ഷത, സ്ഥിതിസമത്വം, സാമൂഹികനീതി, തുല്യത, സഹവർത്തിത്വം സഹകരണം, എളിമ എന്നിവയെല്ലാം നമ്മുടെ ഭരണഘടന മുന്നോട്ടുവെക്കുന്ന അടിസ്ഥാനതത്വങ്ങളാണ്. കൂടാതെ ശാസ്ത്രാവബോധം, ലിംഗനീതി, ലിംഗസമത്വം തുടങ്ങിയവയും ഭരണഘടനയുടെ ഭാഗമാണ്.

## ഉപസംഹാരം

മനുഷ്യൻ ഒരു സമൂഹജീവിയായിരിക്കെ സമൂഹത്തിലെ ചലനങ്ങളെ ഉൾക്കൊള്ളാൻ പാകത്തിലാവണം അവരെ രൂപപ്പെടുത്തേണ്ടത്.അതിനുള്ള ഇടങ്ങളാണ് ഓരോ ക്ലാസ്സ്മുറികളും. സുരക്ഷിതവും  സ്വതന്ത്രവുമായ ക്ലാസ്സന്തരീക്ഷം കുട്ടികൾക്ക് അവരുടെ ചിന്തകളും ആശയങ്ങളും പങ്കുവെക്കാനുള്ള അന്തരീക്ഷം സംജാതമാക്കുന്നു. ഉല്പാദനക്ഷമമായ സംഘപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയാൽ വിസ്മയാവഹമായ മാറ്റങ്ങളാണ് കാണുവാൻ കഴിയുക. സാമൂഹിക ആശയവിനിമയ നൈപുണികൾ,  ഗുണാത്മകമായ മനോഭാവം എന്നിവ ഇതിന്റെ ഉല്പന്നങ്ങളാണ്. ആധുനികവിദ്യാഭ്യാസ സിദ്ധാന്തങ്ങളെല്ലാം തന്നെ പഠനത്തിന്റെ സാമൂഹികതലത്തിനാണ് പ്രാധാന്യം നൽകുന്നത്. പ്രചോദനാത്മകമായ ക്ലാസ്സന്തരീക്ഷം കുട്ടികളുടെ ബൗദ്ധികാരോഗ്യത്തെ മെച്ചപ്പെടുത്തുക മാത്രമല്ല, ക്ലാസ്സ്മുറികളെ അന്വേഷണ ഇടങ്ങളാക്കി മാറ്റുകയും ചെയ്യും എന്നത് ഗവേഷണസിദ്ധമായ വസ്തുതകളാണ്.

## സഹായകഗ്രന്ഥങ്ങൾ

1. Oxford, R.L (2002)  Language Learning Strategies: What every teacher should know.New York: New Bury House
2. Salmon, A K (2018) Promoting a culture  of thinking in the young child. Early Childhood Educational Journal, 35, 457-461
3. Co operative learning: Where Heart Meets Mind, Barrie Bennet, Carol Rolherser-Benett, Laurie Steva In Kapur, A (2017) Transforming Schools, Empowering Children. New Delhi, Sage Publications.